"ഭരണഭാഷ - മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : *83 — 30.10.2019-ൽ മറുപടിയ്ക്ക്

## മുളങ്കാടുകൾ സംരക്ഷിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) മുളങ്കാടുകളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | എ) മുളങ്കാടുകളുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഹരിതകേരളം പദ്ധതിയോടനുബന്ധിച്ച് വനംവകുപ്പ് മുളം തൈകൾ തയ്യാറാക്കി വിതരണം ചെയ്യുകയും, വകുപ്പ് നേരിട്ടും, സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ എന്നിവയുമായി ചേർന്ന് സംയുക്തമായും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മുളംതൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2019 ലെ പരിസ്ഥിതിദിനത്തോടനുബന്ധിച്ച് 1,74,900 മുളംതൈകൾ ഉൽപ്പാദിപ്പിച്ച് വനം വകുപ്പ് വിതരണം ചെയ്തിട്ടുള്ളതാണ്. |
| ബി) ജല സംരക്ഷണത്തിനും മണ്ണൊലിപ്പ് തടയുന്നതിനും ഫലപ്രദമായ മുളങ്കൂട്ടങ്ങൾ നാട്ടിൻപുറങ്ങളിൽ നിന്ന് അപ്രത്യക്ഷമാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) മറ്റ് സസ്യങ്ങളെ അപേക്ഷിച്ച് കാർബൺ ആഗിരണ തോത് മുളകൾക്ക് വളരെ കൂടുതലായതിനാൽ പരിസ്ഥിതി സംരക്ഷണത്തിൽ മുളയുടെ പ്രാധാന്യം സംബന്ധിച്ച് ബോധവത്കരണം | സി) പരിസ്ഥിതി സംരക്ഷണത്തിൽ മുളയുടെ പങ്കിനെകുറിച്ച് ബോധവൽക്കരണം നടത്തുന്നതിനായി മുളദിനം ആചരിക്കുന്നതുൾപ്പെടെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, മറ്റ് പൊതുജനങ്ങൾ |

| | |
|---|---|
| നടത്തുന്നതിനും നാട്ടിൻപുറങ്ങളിലെ ചെറിയ മുളങ്കാട്ടുകൾ സംരക്ഷിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ? | എന്നിവർക്കായി സോഷ്യൽ ഫോറസ്റ്റി വിഭാഗം ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഹരിതകേരളം മിഷന്റെ പച്ചതുരുത്ത് പദ്ധതി മുഖേനയും സംയുക്തമായി പൊതുസ്ഥലങ്ങളിൽ മുളം തൈകൾ നട്ടുപിടിപ്പിക്കുന്ന പരിപാടികൾ വനം വകുപ്പ് നിലവിൽ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ